# പത്താം ക്ലാസ് -അടിസ്ഥാന പാഠാവലി



## കോഴിയും കിഴവിയും

### കാരൂർ നീലകണ്ഠപിള്ള

( ഏറ്റുമാനൂരിൽ ജനിച്ചു, കഥാകൃത്ത്, അധ്യാപകൻ, നാട്ടിൻപുറത്തെ സാധാരണ മനുഷ്യരുടെ ജീവിതം, അധ്യാപകാനുഭവ കഥകൾ. കൃതികൾ- മരപ്പാവകൾ, പൂമ്പഴം, പിശാചിന്റെ കുപ്പായം, പൊതിച്ചോറ്, ഹരി, ഗൗരി, പഞ്ഞിയും തുണിയും)

" *നാട്യം പ്രധാനം നഗരം ദരിദ്രം*

*നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"* - കുറ്റിപ്പുറത്ത് കേശവൻ നായർ )

**വരികളിലെ ആശയം:**

- കളങ്കമില്ലാത്ത(നിഷ്കളങ്കരായ) മനുഷ്യർ
- മനസ്സിൽ നന്മ സൂക്ഷിക്കുന്നവർ
- അയൽപക്ക ബന്ധങ്ങളിലെ ഊഷ്മളത
- ചരാചരങ്ങളുമായുള്ള ബന്ധം

**നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളാണ് കാരൂർ കഥകളുടെ തട്ടകം**

രണ്ടു ഗ്രാമീണ കുടുംബങ്ങൾ രാഗദ്വേഷങ്ങളോടെ (സ്നേഹംകൊണ്ടുണ്ടായ വൈരാഗ്യം) ജീവിച്ചുപോരുന്ന ഒരു നാട്ടിൻപുറം ഈ കഥയിലുണ്ട്. തലമുറകളായി പാർത്തുപോരുന്ന മാർക്കോസിന്റെയും മത്തായിയുടെയും കുടുംബങ്ങൾ പരസ്പരാശ്രയത്വത്തിന്റെ നന്മ പലപ്പോഴും പ്രകാശിപ്പിക്കുന്നുണ്ട്. അയൽബന്ധങ്ങളിൽ വിള്ളലുണ്ടാക്കാതെ നിലനിൽക്കണമെന്നാഗ്രഹിക്കുന്നവരാണ് അവർ. ഓരാളുടെ കോഴിയെ അയാൾതന്നെ കൊന്നാൽ അതിൽ അപകടമില്ല. എന്നാൽ കൈയ്യബദ്ധം(കൈകൊണ്ടുള്ള അബദ്ധം)കൊണ്ട് അന്യനാണ് കൊന്നതെങ്കിൽ അതുണ്ടാക്കുന്ന പുകിലുകൾ (പ്രശ്നങ്ങൾ) വലുതായിരിക്കും. ബന്ധങ്ങളും കഷ്ടനഷ്ടങ്ങളും വേഗം മറന്നുപോവും. .അവിവേകംകൊണ്ട് പല സാഹസങ്ങൾക്കും മുതിരും. ഇത്തരം ഇരുൾനിറഞ്ഞ പരിസ്ഥിതിയിൽ അനുഭവ

സമ്പന്നരായ മുതിർന്നവരുടെ അവസരോചിതമായ   ഇടപെടലും ശാസനകളുമാണ് അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നത്. മത്തായിയുടെ അമ്മച്ചിയുടെ പ്രകാശം നിറഞ്ഞവാക്കുകൾ, ഗൃഹസ്ഥർക്ക് (കുടുംബമായി കഴിയുന്നവർക്ക്) എക്കാലത്തും വഴിവിളക്കായി മാറുന്നുണ്ട്.

പ്രപഞ്ചത്തിലെ വസ്തുക്കളിൻമേൽ എന്റേത് എന്ന അധികാര ഭാവവും അവയിലൊന്നും അന്യരുടേത് ആവരുത് എന്ന ശാഠ്യവുമാണ് ഈ കഥയുടെ ഇതിവൃത്തം. “ലോഭം” എന്ന ജീവിതദോഷമാണിത്. ഈ കഥ ചർച്ചചെയ്യുന്നതും മറ്റൊന്നല്ല. ഈ വിഷയം വളരെ നർമ്മം കലർത്തി കാരൂർ അവതരിപ്പിക്കുന്നു.

കുടുംബബന്ധങ്ങളിലും, അയൽപക്കബന്ധങ്ങളിലും, സാമൂഹ്യബന്ധങ്ങളിലും അകൽച്ചയുടെ തുടർച്ചയുണ്ടാക്കുന്നത് ലോഭചിന്തകളാണ്. വ്യക്തിദ്വേഷം(വൈരാഗ്യം) മുതൽ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾവരെ നീളുന്ന ലോഭത്തിന്റെ ഭയാനകമായ ലോകം ജീവിതത്തെ നരകമാക്കുന്നു. തന്നിൽ നിന്ന് തുടങ്ങി തന്നിൽ ഒടുങ്ങുന്നതാണ് ലോകം എന്ന ഇടുങ്ങിയ ചിന്താഗതിയാണ് ലോഭത്തിലുള്ളത്.തലമുറകൾക്ക് മുമ്പേ തുടങ്ങിവെച്ച സ്നേഹോഷ് മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിട്ട ലോഭാന്ധതയെ തുറന്നുകാട്ടുകയാണ് ഈ കഥയുടെ ലക്ഷ്യം.

ഗ്രാമജീവിതത്തിന്റെ നിത്യനിർമ്മലമായ വെളിച്ചം തിരിച്ചറിയാനും നാട്ടുനന്മകളുടെ മങ്ങി തുടങ്ങിയ ദീപനാളങ്ങളെ തെളിച്ചുണർത്താനും ഈ കഥ സഹായിക്കുന്നു. നേർത്ത നർമ്മത്തിന്റെ മേമ്പൊടി ചേർത്ത കഥാപാത്രങ്ങളുടെ ജീവിത ഭാവങ്ങൾ സൂക്ഷ്മതയോടെ ചിത്രീകരിക്കുന്ന കാരൂരിന്റെ വശ്യമായ ആഖ്യാന ശൈലി പരിചയപ്പെടാനും ഈ കഥ (കോഴിയും കിഴവിയും) ഏറെ സഹായിക്കുന്നു.

**അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽകൂടി വരേണ്ടവെള്ളം വായിൽ ഊറുന്നതു കൊണ്ടാണ്.**

- കണ്ണിലെ വെള്ളം- ദുഃഖത്തിന്റെ, വേദനയുടെ, സഹാനുഭൂതിയുടെ ചിഹ്നം
- കണ്ണിൽ വെള്ളം നിറയുന്ന മാനസിക ഭാവങ്ങൾ - സ്വയം വേദനിക്കുമ്പോൾ , മറ്റുള്ളവരുടെ വേദനയിൽ ദു:ഖിക്കുമ്പോൾ

- വായിൽ വെള്ളമൂറുക(ശൈലി)- കൊതി, വിശപ്പ്, ആർത്തി, എന്നിവയെ സൂചിപ്പിക്കുന്നു.
- കോഴിയിറച്ചിയോടുള്ള കൊതി കോഴിയുടെ വേദനയെ കാണാതിരിക്കാൻ പ്രേരിപ്പിക്കുന്നു. ആർത്തി,സഹാനുഭൂതിയെ തടയുന്നു. സ്വന്തം ഭക്ഷണതാൽപര്യം മറ്റൊരു ജീവനെക്കുറിച്ചുള്ള ചിന്ത ഇല്ലാതാക്കുന്നു.

**മത്തായിയുടെ അമ്മ – കഥാപാത്ര നിരൂപണം**

- കേന്ദ്രകഥാപാത്രം – കഠിനാധ്വാനി- അനുഭവ സമ്പന്നമായ ഗ്രാമജീവിതത്തിന്റെ വെളിച്ചം.
- അമ്മച്ചിയുടെ വാക്കുകൾ കഥാന്ത്യത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നു.
- മനസ്സിൽ നന്മ സൂക്ഷിക്കുന്നു. അയൽവീട്ടിലെ മാർക്കോച്ചനെയും സ്നേഹിക്കുന്നു.
- ചെറുപ്പത്തിലെ ചങ്ങാത്തം തേഞ്ഞു മാഞ്ഞുപോയ മാർക്കോസിന്റെയും മത്തായിയുടെയും ഇടയിലെ വെളിച്ചമായി മാറുന്നു. (നിത്യനിർമലമായ വെളിച്ചം)
- എന്നും നന്മയുടെ പക്ഷത്ത് (കോഴി മോഷണവും കൊലപാതകവുമായി ബന്ധപ്പെട്ട് നടത്തിയ വെളിപ്പെടുത്തൽ കഥയെ മാറ്റി മറിക്കുന്നു.)
- ജയിലിലേക്കുള്ള വഴിയിൽ അമ്മച്ചിയെ(മത്തായിയുടെ അമ്മ) കാണാൻ മാർക്കോസ് എത്തുന്നു. അമ്മച്ചി മാർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുക്കുന്നു. "എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവ് എന്നെയങ്ങു വിളിച്ചിരുന്നെങ്കിൽ" അമ്മച്ചിയുടെ വാക്കുകൾ.

**അടിവരയിട്ട പദങ്ങൾക്ക് സമാനമായ മറ്റുപദങ്ങൾ കണ്ടെത്തുക.**

- സംഗതി വളരെ നിസ്സാരമായിരുന്നു
- കാണുക അസഹനീയമാണ്

**കൂടുതൽ പദങ്ങൾ**

സഹകരണം : നിസ്സഹകരണം ; ശബ്ദം : ........

നശ്വരം : അനശ്വരം ; ലൗകികം : .......

കളങ്കം : .......  ;  ശേഷം :  ......

സാരം : ........  ;  സഹനീയം : ....

**ആശയചോർച്ച കൂടാതെ ഒറ്റവാക്യമാക്കുക**

- ഒരു കയ്യാലകൊണ്ട് വേർത്തിരിക്കപ്പെട്ട രണ്ടുപറമ്പ്. കുറേകാലം മുമ്പ് രണ്ടും ഒന്നായിരുന്നു.
- തൊട്ടടുത്ത് വലിയ പാടമുണ്ട്. ആ പാടത്തു പണിക്കു വരുന്നവരൊക്കെ ആ പെമ്പിള്ളയുടെ കടയിൽ നിന്നു സാമാനം വാങ്ങും.

  – നിങ്ങളുടെ പ്രദേശത്തുള്ള സംസാര ഭാഷയിലേക്ക് മാറ്റി എഴുതുക.
- അവരു മൊഖോം വീർപ്പിച്ചോണ്ടാപോയെ
- അതവരെടുത്തോണ്ടു പോകുവായിരിക്കും
- ഞാനിങ്ങേരുടെ കൂടെയൊന്നു പോകുകാ